# പെരുമ്പാവൂർ നഗരസഭ



## സവിശേഷതകൾ

- മാലിന്യം വലിച്ചെറിയപ്പെടുന്ന ഇടങ്ങൾ വൃത്തിയാക്കി നിരീക്ഷണം ശക്തമാക്കി
- സ്കൂളുകൾ കേന്ദ്രീകരിച്ച് ബോൾപേന ശേഖരണവും, ഇ–വേസ്റ്റ് കിയോസ്കുകളും
- ഒരു വിദ്യാർത്ഥിയ്ക്ക് 10 വീടുകൾ എന്ന കണക്കിൽ ഹരിത ഭവനം പദ്ധതി – കുട്ടിയുടെ നിരന്തര ഇടപെടലിലൂടെ വീടുകളിലെ മാലിന്യ പരിപാലന രീതികളിൽ കാതലായ മാറ്റം കൊണ്ടുവരാനും ലക്ഷ്യമിടുന്നു.

## ജൈവമാലിന്യ സംസ്കരണം

- ഉറവിട മാലിന്യ സംസ്കരണത്തിനായി നഗരസഭ ബയോഗ്യാസ് പ്ലാന്റുകൾ, റിംഗ് കമ്പോസ്റ്റ്, ബയോഡൈജസ്റ്റർ പോട്ടുകൾ എന്നിവ നൽകുന്നു.
- 3600 വീടുകൾ ഉപാധികൾ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തി വരുന്നു
- ജൈവമാലിന്യം കൈകാര്യം ചെയ്യുന്നതിന് പച്ചക്കറിചന്തയിൽ ഒരു ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ ദിവസേന 300 കിലോഗ്രാം മാലിന്യം കൈകാര്യം ചെയ്യുന്നു. തൊട്ടടുത്ത ചായക്കടയിൽ ഗ്യാസ് വിൽക്കുന്നതിലൂടെ ഈയിനത്തിൽ നഗരസഭയ്ക്ക് മാസം 1500 രൂപ ലഭിക്കുന്നു
- വീടുകളിൽ ഉറവിടമാലിന്യ സംസ്കരണ സംവിധാനം പ്രോത്സാഹിപ്പിക്കാൻ ഗ്രീൻ ടെക്നീഷ്യൻമാർ മുഖേനെയുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു



# അജൈവ മാലിന്യ സംസ്കരണം

- നിലവിൽ 1500 ച.അടി വിസ്തൃതിയിൽ ബെയിലിംഗ്, ഷ്രെഡിംഗ് സംവിധാനമുള്ള ഒരു എം.ആർഎഫ് സ്ഥാപിച്ചിട്ടുണ്ട്.
- മാസത്തിലൊരിക്കൽ വീടുകളിൽ നിന്നും ശേഖരിക്കുന്ന ഒരു ടണ്ണോളം അജൈവമാലിന്യം ഇവിടേയ്ക്ക് കൊണ്ടുവരുന്നു. ആഴ്ചയിലൊരിക്കൽ സ്വാപ്ഷോപ്പ് സംഘടിപ്പിക്കുന്നു.
- ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് ഡംപ് സൈറ്റുകൾ വൃത്തിയാക്കി നിരീക്ഷണം ശക്തമാക്കിയിരിക്കുകയാണ് നഗരസഭ

- 27 വാർഡുകളിലും ശുചിത്വസമിതികൾ ശക്തിപ്പെടുത്തുകയും യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.
- സ്കൂളുകൾ കേന്ദ്രീകരിച്ച് ഉപയോഗിച്ച ബാൾപേനകൾ ശേഖരിച്ചു. പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, കിയോസ്കുകൾ സ്ഥാപിച്ചു.
- എല്ലാ വീടുകൾക്കും പൊതുജനസഹായത്തോടെ ജൂട്ട് ബാഗ് വിതരണം ചെയ്തു.
- ഭൂരിഭാഗം ഓഫീസുകളും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. പ്രോത്സാഹനമായി ഹരിതശ്രേഷ്ഠ അവാർഡും നൽകുന്നു.
- ഒരു വിദ്യാർത്ഥിയ്ക്ക് 10 വീടുകൾ എന്ന കണക്കിൽ ഹരിതഭവനം പദ്ധതി രൂപീകരിച്ചു. കുട്ടിയുടെ നിരന്തര ഇടപെടലിലൂടെ വീടുകളിലെ മാലിന്യപരിപാലന രീതികളിൽ കാതലായ മാറ്റം കൊണ്ട് വരാനാണ് ഉദ്ദേശിക്കുന്നത്.







Prepared by Premjith P, IEC Expert